LIBRARY ARCHIVES Kerala Legislative Assembly

അനെർട്ട് ഡയറക്ടർ ആകാനുള്ള യോഗ്യതയും നിബന്ധനകളും

40 (4475) ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) അനെർട്ട് ഡയറക്ടർ ആയി നിയമനം നടത്തുന്നതിനുള്ള സർക്കാർ നിബന്ധനകളെന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഡയറക്ടർക്കുവേണ്ട യോഗ്യതകളെക്കുറിച്ച് സർക്കാർ ഉത്തരവിൽ എന്തെല്ലാമാണ് നിർദ്ദേശിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ;

(സി) അനെർട്ടിലെ ഡയറക്ടർ നിയമനത്തെ സംബന്ധിച്ചുള്ള ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ ;

(ഡി) അനെർട്ടിലെ ഇപ്പോഴത്തെ ഡയറക്ടർ ആരാണ് എന്നത് സംബന്ധിച്ച വിവരം ലഭ്യമാക്കുമോ ; പ്രസ്തുത വ്യക്തിക്ക് എഞ്ചിനീയറിംഗ് ബിരുദമുണ്ടോയെന്നും ഏത് സർവ്വകലാശാലയിൽ നിന്നും എഞ്ചിനീയറിംഗ് ബിരുദം കരസ്ഥമാക്കിയെന്നും തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ കോപ്പി ലഭ്യമാക്കുമോ ;

(ഇ) അനെർട്ടിലെ ഡയറക്ടർക്കെതിരെ നിയമനവുമായി ബന്ധപ്പെട്ട് ഏതൊക്കെ കോടതികളിൽ കേസുകൾ നിലവിലുണ്ട് ;

(എഫ്) പ്രസ്തുത കേസുകളിൽ കോടതി എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ ;

(ജി) അനെർട്ട് ഡയറക്ടർക്കെതിരെ കോടതികളിൽ കേസുകൾ നിലനിൽക്കുന്ന സാഹചര്യത്തിൽ പുതിയ പദ്ധതികൾ നിർത്തിവയ്ക്കാൻ എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ ;

(എച്ച്) നിർദ്ദേശം നൽകിയിട്ടുണ്ടെങ്കിൽ അത് എന്നാണെന്ന് വ്യക്തമാക്കുമോ ;

(ഐ) എന്തെങ്കിലും പുതിയ പദ്ധതിക്ക് ഡയറക്ടർ അനുവാദം നൽകിയിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത വർക്ക് തുടരാൻ അനുവാദം നൽകുകയോ ക്യാഷ് ബില്ല് മാറിക്കൊടുക്കുകയോ ചെയ്തിട്ടുണ്ടോയെന്നതിനെ സംബന്ധിക്കുന്ന വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ-സി) അനെർട്ടിന്റെ മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ-ഉം റൂൾസ് ആന്റ് റെഗുലേഷൻസും അനുസരിച്ചാണ് അനെർട്ടിലെ ഡയറക്ടർ തസ്തികയിലേക്കുള്ള നിയമനം നടത്തുന്നത്. അനെർട്ടിലെ റൂൾസ് ആന്റ് റെഗുലേഷൻസ് പ്രകാരം ഡയറക്ടറായി നിയമിക്കപ്പെടേണ്ട ആൾ സാങ്കേതിക യോഗ്യതയുള്ളയാളും ഊർജ്ജസംരക്ഷണ രംഗത്ത്/റൂറൽ ടെക്നോളജിയിൽ പ്രാവീണ്യമുള്ളയാളുമായിരിക്കണം. അനെർട്ടിന്റെ മെമ്മോറാണ്ടം ഓഫ് അസോസിയേഷന്റെയും റൂൾസ് ആന്റ് റഗുലേഷൻസിന്റേയും ഡയറക്ടറെ നിയമിച്ച ഉത്തരവിന്റേയും [G.O.(Ms.) No. 5/86/plg. dated, 23-1-1986) പകർപ്പ് അനുബന്ധം I ആയി വച്ചിട്ടുണ്ട്.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) അനെർട്ടിന്റെ ഇപ്പോഴത്തെ ഡയറക്ടർ ശ്രീ. കെ. എസ്. വിജയൻ ആണ്. അദ്ദേഹത്തിന് കർണ്ണാടക യൂണിവേഴ്സിയിൽ നിന്ന് എഞ്ചിനീയറിംഗിന് ഫസ്റ്റ് ക്ലാസ്സും ഡിസ്റ്റിംഗ്ഷനോടുംകൂടിയ ബിരുദമുണ്ട്. കൂടാതെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിൽ നിന്നും ദിവൽസര ഡിപ്ലോമയും ലണ്ടൻ യൂണിവേഴ്സിറ്റിയിൽ നിന്നും ഡവലപ്മെന്റ് പ്ലാനിംഗിൽ സർട്ടിഫിക്കറ്റ് കോഴ്സുമുണ്ട്. ശ്രീ. കെ. എസ്. വിജയന്റെ പേര് എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റിലും ഡിഗ്രി സർട്ടിഫിക്കറ്റിലും കെ. എസ്. വിജയമോഹനൻ എന്നായിരുന്നത് 1975-ൽ ഗസറ്റ് വിജ്ഞാപനപ്രകാരം തിരുത്തിയിട്ടുള്ളതാണ്. ബന്ധപ്പെട്ട രേഖകളുടെ പകർപ്പ് അനുബന്ധം ആയി ചേർത്തിരിക്കുന്നു.*

(ഇ) അനെർട്ട് ഡയറക്ടറുടെ നിയമനവുമായി ബന്ധപ്പെട്ട് കേരളാ ഹൈക്കോടതിയിൽ O.P. No. 9951/2002 ആയും ബഹു. സുപ്രീം കോടതിയിൽ SLP No. 4353/2003 ആയും കേസുകൾ നിലവിലുണ്ട്.

(എഫ്) O.P. No. 9951/2002 ആയി ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള കേസിൽ ശ്രീ. കെ. എസ്. വിജയനെ അനെർട്ട് ഡയറക്ടർ സ്ഥാനത്തുനിന്ന് മാറ്റാനും പുതിയ ഡയക്ടറെ മൂന്നു മാസത്തിനകം നിയമിക്കാനും 19-12-2002-ൽ ബഹു. ഹൈക്കോടതി നിർദ്ദേശിച്ചിരുന്നു. 2003 മാർച്ച് 31-നുമുമ്പായി പുതിയ ഡയറക്ടറുടെ നിയമനം നടന്നില്ലെങ്കിൽ 1-4-2003-ൽ നിലവിലുള്ള ഡയറക്ടർ പ്രസ്തുത സ്ഥാനത്തിനർഹനല്ലാതാകുമെന്നുകൂടി ഹൈക്കോടതി വിധിയിൽ വ്യക്തമാക്കിയിരുന്നു. ഹൈക്കോടതിവിധി നടപ്പിലാക്കുന്നതിനായി 31-3-2003-നോ പുതിയ ഡയറക്ടർ ചാർജ്ജെടുക്കുന്ന മുറയ്ക്കോ (ഏതാണ് ആദ്യമെങ്കിൽ) ശ്രീ. വിജയനെ അനെർട്ട് ഡയറക്ടർ സ്ഥാനത്തുനിന്ന് മാറ്റിക്കൊണ്ട് 28-1-2003-ൽ ഉത്തരവ് പുറപ്പെടുവിക്കുകയും പുതിയ ഡയറക്ടറുടെ നിയമനത്തിനായി നടപടികൾ സ്വീകരിക്കുകയും ചെയ്തു. ടി സർക്കാർ നടപടിയെ ചോദ്യം ചെയ്തുകൊണ്ട് ശ്രീ. കെ. എസ്. വിജയൻ SLP No. 4353/2003 ആയി ബഹു. സുപ്രീം കോടതിയിൽ കേസ് ഫയർ ചെയ്തു. ഇതുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾക്ക് ബഹു. സുപ്രീം കോടതി ഇടക്കാല സ്റ്റേ അനുവദിച്ചിട്ടുണ്ട്.

(ജി&എച്ച്) ഡയറക്ടറുടെ നിയമനം സംബന്ധിച്ച് കോടതിവിധി ആകുന്നതുവരെ പദ്ധതികൾ നിർത്തിവയ്ക്കാൻ 27-5-2003-ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഐ) ഇല്ല എന്ന് അനെർട്ട് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

ഭരണ പരിഷ്ക്കാര പദ്ധതി

41 (4476) ശ്രീ. എൻ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

ഭരണപരിഷ്ക്കാര പദ്ധതി (എം.ജി.പി.)യുടെ വിശദവിവരങ്ങൾ സർവ്വീസ് സംഘടനകൾക്ക് നൽകി അവരുമായി ക്രീയാത്മക ചർച്ച നടത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ അവരുടെ നിർദ്ദേശങ്ങൾ കൂടി പരിഗണിക്കുവാൻ തയ്യാറാകുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly